**കൈത്താക്കാലം ആറാം ഞായർ**
**യോഹ. 6:16-24**

**വചനസന്ദേശം**

**ഡീ. ടോജോ വാഴയിൽ**

രണ്ടു സുഹൃത്തുക്കൾ യാത്ര പുറപ്പെട്ടു. യാത്രാമധ്യേ അവർ ഒരു ഗുരുവിനെ കണ്ടുമുട്ടി. ഗുരുവിനോട് ചോദിച്ചു, യാത്രയ്ക്ക് എന്താണ് പ്രധാനപ്പെട്ടത്? ഗുരു പറഞ്ഞു, കൂട്ടാണ് പ്രധാനപ്പെട്ടത്. ഇന്നും നമുക്കുള്ള ധൈര്യം ക്രിസ്തു ഇന്നും നമ്മുടെ കൂടെ ഉണ്ട് എന്നുള്ളതാണ്. യോഹ. 6:16-24 വാക്യങ്ങളാണ് നമ്മുടെ ധ്യാനവിഷയം. കാറ്റത്തുപെട്ട് ഭയന്ന ശിഷ്യരെ കൂടെ നിന്ന് സഹായിക്കുന്ന ക്രിസ്തു. ഇന്നും സഭയാകുന്ന നൗക ഉലയുമ്പോൾ കൂടെ ക്രിസ്തുവുണ്ട്. നല്ല ഇടിവെട്ടും മഴയുമുള്ള രാത്രി. മകൻ അപ്പന്റെ മടിയിൽ കിടന്നുറങ്ങുന്നു. കാരണം അവനു ബോധ്യമുണ്ട്, അപ്പന്റെ മടിയിൽ ഇരിക്കുമ്പോൾ ഒന്നും ഭയപ്പെടേണ്ട. കുട്ടികൾ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട്.

ആരാണ് ഭാഗ്യം ചെയ്തവർ? അവസാനം വരെ കൂട്ടുണ്ടാകുന്നവർ ആണ് ഭാഗ്യം ചെയ്ത മനുഷ്യർ. നമ്മെ പൊതിഞ്ഞു നിൽക്കുന്ന സ്വർഗ്ഗസ്ഥനായ പിതാവിനെ നാം മറന്നുപോകുന്നുണ്ട്. ബൈബിൾ ആരംഭിക്കുന്നത് ഏകാന്തതയിലാണ്. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് മനസ്സിലാക്കി ദൈവം കൂട്ടു നൽകി. പുതിയ നിയമത്തിൽ ഈശോ ശിഷ്യരെ അയക്കുമ്പോൾ ഒറ്റയ്ക്കല്ല രണ്ടുപേരായിട്ടാണ് അയക്കുന്നത്. എഴുപത്തിരണ്ടു പേരെ മുപ്പത്തിയാറു ഇടങ്ങളിലേക്ക് അയയ്ക്കുന്നു, എഴുപത്തിരണ്ട് ഇടങ്ങളിലേക്കല്ല. ആരും ഒറ്റയ്ക്കല്ല എന്നുള്ളതാണ്. അതുപോലെ തന്നെ ആരെയും നമ്മൾ ഒറ്റയ്ക്കാക്കരുത്. കുടുംബങ്ങളിൽ, ജോലിയിടങ്ങളിൽ, വിദ്യാലയങ്ങളിൽ നമുക്കു ചുറ്റും നാം ആയിരിക്കുന്ന ഇടങ്ങളിൽ ഒറ്റപെട്ടു പോകുന്നവർ അനവധിയുണ്ട്, ജീവിതത്തിന്റെ നൗകയിൽ തനിച്ചാകുന്നവർ, അവരെ ചേർത്ത് നിർത്തണം.

ഇന്ന് സഭ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അകത്തുനിന്നും പുറത്തുനിന്നും. സഭയുടെ ആരംഭം മുതൽ സഭ നിരവധി പ്രശ്നങ്ങൾ നേരിട്ടിട്ടുണ്ട്. ഇന്നും സഭ ലോകത്തിന്റെ മനസാക്ഷിയാണ്. കാരണം ക്രിസ്തുവാണ് സഭയുടെ ശിരസ്സ്; പരിശുദ്ധാത്മാവിനാലാണ് സഭ നയിക്കപ്പെടുന്നത്. അതിനാൽ സഭ ഇന്നും എന്നും ലോകത്തെ നയിക്കുക തന്നെ ചെയ്യും. ഉല്പത്തി പുസ്തകം 19-ാം അധ്യായത്തിൽ ലോത്തിന്റെ ഭാര്യ ഉപ്പുതൂണായി പോകുന്നുണ്ട്. നമ്മളും ഉപ്പുതൂണായി പോകുന്നുണ്ട്. മനുഷ്യന്റെ ജീവിതത്തിന്റെ അന്നം വേവുന്നത് മൂന്ന് അടുപ്പ് കല്ലിന് മീതെ ആണ്; വിശ്വാസം, സ്നേഹം, പ്രത്യാശ. കസൻദ്സാക്കിസിന്റെ പുസ്തകത്തിൽ ഒരു സംഭവം വിവരിക്കുണ്ട്. ഒരു ദ്വീപ്, അവിടെ മുന്തിരിയുടെ വിളവെടുപ്പു നടക്കുന്നു. പെട്ടെന്ന് ആകാശം ഇരുണ്ടു മഴപെയ്തു തുടങ്ങി. ഒരു കുട്ടി ഇതു കണ്ടു വാവിട്ടു കരയുന്നു. അവനെ കണ്ടു അവന്റെ അപ്പൻ പറഞ്ഞതിങ്ങനെയാണ്: മിണ്ടാതെ ഇരിക്കടാ, നമ്മൾ ഇവിടൊക്കെ തന്നെ ഉണ്ട്. ജീവിച്ചിരിക്കുന്നവർക്കു മുമ്പോട്ടു പോകാൻ ഒരു കാരണം വേണം. മരണത്തെ നാം കാണുന്നത് ശ്വാസം അവസാനിക്കന്ന ഒരു സംഭവം ആയിട്ടാണ്. ഒന്ന് ചിന്തിച്ചാൽ നാം മരിക്കുന്നുണ്ട് പലവട്ടം. എല്ലാം അവസാനിച്ചു എന്ന് വിചാരിച്ചിരിക്കുമ്പോൾ ജീവിതത്തിന്റെ ഗതി താനെ മാറി പോകും. കാരണം ക്രിസ്തു ഇന്നും ജീവിക്കുന്നു. അവൻ നമ്മോടു കൂടെ ഉണ്ട്. ഒരിക്കൽ ഒരാൾ മരിക്കാനായി കടലിലേക്ക് ഇറങ്ങി പോകുകയാണ്. അപ്പോൾ ഉള്ളിൽനിന്ന് ഒരു വിളി 'മകനേ.' അവൻ തിരിഞ്ഞു നോക്കി. അപ്പോഴാണ് അവൻ ശ്രദ്ധിച്ചത്, അങ്ങ് അകലെ നാലു കാൽപ്പാടുകൾ പിന്നീട് അത് രണ്ടായി. പിന്നീട് അവനു ബോധ്യമായി ദൈവമാണ് അവന്റെ കൂടെ നടന്നത്. അവന്റെ സംശയം ഇപ്പോൾ നാല് എങ്ങനെ രണ്ടായി എന്നുള്ളതാണ്. അപ്പോൾ ദൈവം പറഞ്ഞു, 'ഇപ്പോൾ നീ എന്റെ ഉള്ളം കൈയിലാണ്.' അവനു വാവിട്ടു കരയാനേ സാധിച്ചുള്ളൂ.